**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 325** **08-08-2023 - ൽ മറുപടിയ്ക്ക്**

**പാറശ്ശാല നിയോജക മണ്ഡലത്തിലെ മാവേലി സ്റ്റോറുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സി കെ ഹരീന്ദ്രൻ** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | പാറശ്ശാല നിയോജക മണ്ഡലത്തിൽ നിലവിൽ എത്ര മാവേലി സ്റ്റോറുകൾ പ്രവർത്തിച്ചു വരുന്നുണ്ട്; പഞ്ചായത്ത് തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ; | (എ) | പാറശ്ശാല നിയോജക മണ്ഡലത്തിൽ നിലവിൽ 8 മാവേലി സ്റ്റോറുകൾ പ്രവർത്തിച്ചുവരുന്നു. പഞ്ചായത്ത് തിരിച്ചുള്ള വിവരം **അനുബന്ധ**മായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ ഏതെങ്കിലും സ്ഥലത്ത് പുതുതായി മാവേലി സ്റ്റോറുകളോ സപ്ലൈകോ ഔട്ട് ലെറ്റുകളോ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | അമ്പൂരി ഗ്രാമ പഞ്ചായത്തിൽ കുടപ്പനമൂട് എന്ന സ്ഥലത്ത് സൂപ്പർ മാർക്കറ്റ് ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ പഞ്ചായത്തിൽ നിന്നും ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | മണ്ഡലത്തിലെ ഏതെങ്കിലും മാവേലി സ്റ്റോർ സൂപ്പർ മാർക്കറ്റായി ഉയർത്തുന്നതിന് അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; നിലവിൽ മണ്ഡലത്തിൽ എത്ര സൂപ്പർ മാർക്കറ്റുകൾ പ്രവർത്തിച്ചു വരുന്നുണ്ട്; പഞ്ചായത്ത് തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ; | (സി) | പാറശ്ശാല നിയോജക മണ്ഡലത്തിൽ കൊല്ലയിൽ, കാരക്കോണം, പാറശ്ശാല, വെള്ളറട എന്നീ മാവേലി സ്റ്റോറുകൾ സൂപ്പർ മാർക്കറ്റാക്കാൻ അനുയോജ്യമാണ്. നിലവിൽ 2 സൂപ്പർ മാർക്കറ്റുകൾ പ്രവർത്തിക്കുന്നുണ്ട്.<br><br><u>പഞ്ചായത്ത് തിരിച്ചുള്ള വിവരം</u><br><br>1) ആര്യൻകോട് ഗ്രാമ പഞ്ചായത്ത് - ഒറ്റശേഖരമംഗലം സൂപ്പർ മാർക്കറ്റ്<br>2) പെരുങ്കടവിള ഗ്രാമ പഞ്ചായത്ത് - മാരായമുട്ടം സൂപ്പർ മാർക്കറ്റ് |
| (ഡി) | കൂടുതൽ സൂപ്പർ മാർക്കറ്റുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ; | (ഡി) | ബിസിനസ്/വിപണന സാധ്യതകൾ പരിശോധിച്ച് പ്രതീക്ഷിത വിറ്റുവരവിന്റെ അടിസ്ഥാനത്തിലും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരവും സൂപ്പർ മാർക്കറ്റുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്. |
| (ഇ) | സപ്ലൈകോ മാവേലി സ്റ്റോറുകൾ, സൂപ്പർ മാർക്കറ്റുകൾ എന്നിവ വഴി വിവിധ വിഭാഗങ്ങളിലുള്ള റേഷൻ കാർഡ് ഉടമകൾക്ക് നൽകുന്ന സേവനങ്ങൾ എന്തൊക്കെയാണെന്ന് ഇനം തിരിച്ച് ലഭ്യമാക്കാമോ? | (ഇ) | സർക്കാർ നിർദ്ദേശമനുസരിച്ച് വിപണിയിടപെടലിന്റെ ഭാഗമായി 13 ഇനം നിത്യോപയോഗ സാധനങ്ങൾ സബ്സ്ഡി നിരക്കിൽ സപ്ലൈകോ വില്പനശാലകൾ വഴി എല്ലാ റേഷൻ കാർഡുടമകൾക്കും വിൽപ്പന നടത്തിവരുന്നു. ഈ സാധനങ്ങളുടെ വിൽപ്പന വില 2016 മെയ് മാസം മുതൽ വർദ്ധിപ്പിച്ചിട്ടില്ല. പൊതു വിപണിയേക്കാൾ 28 മുതൽ74 ശതമാനം വരെ |

| | | | |
|---|---|---|---|
| | | | വിലക്കുറവിലാണ് സപ്ലൈകോ ഈ 13 ഇനം സബ്സിഡി സാധനങ്ങൾ വിൽപ്പന നടത്തുന്നത്.<br><br>ഇപ്രകാരം 13 ഇനം അവശ്യ വസ്തുക്കൾ സപ്ലൈകോ വില്പനശാലകളിലൂടെ സബ്സിഡി നിരക്കിൽ വിതരണം ചെയ്തതുമൂലം 2021 ഏപ്രിൽ മുതൽ 2023 മാർച്ച് വരെ ഏകദേശം 856.65 കോടി രൂപയുടെ പ്രയോജനം വിലക്കിഴിവിന്റെ രൂപത്തിൽ പൊതുജനങ്ങൾക്ക് ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം I**

| ഗ്രാമ പഞ്ചായത്ത് | മാവേലി സ്റ്റോർ |
|---|---|
| കുന്നത്തുകാൽ ഗ്രാമ പഞ്ചായത്ത് | കാരക്കോണം മാവേലി സ്റ്റോർ |
| | കുറുവാട് മാവേലി സ്റ്റോർ |
| അമ്പൂരി ഗ്രാമ പഞ്ചായത്ത് | അമ്പൂരി മാവേലി സ്റ്റോർ |
| പാറശ്ശാല ഗ്രാമ പഞ്ചായത്ത് | പാറശ്ശാല മാവേലി സ്റ്റോർ |
| വെള്ളറട ഗ്രാമ പഞ്ചായത്ത് | വെള്ളറട മാവേലി സ്റ്റോർ |
| കള്ളിക്കാട് ഗ്രാമ പഞ്ചായത്ത് | കള്ളിക്കാട് മാവേലി സ്റ്റോർ |
| ഒറ്റശേഖരമംഗലം ഗ്രാമ പഞ്ചായത്ത് | പൂഴനാട് മാവേലി സ്റ്റോർ |
| കൊല്ലയിൽ ഗ്രാമ പഞ്ചായത്ത് | കൊല്ലയിൽ മാവേലി സ്റ്റോർ |